(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-7/888/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്,ഇടുക്കി
തൊടുപുഴ,തീയതി:06.07.2017
Phone No : 04862 227332
E-mail : doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുറപ്പുഴ ഗ്രാമ പഞ്ചായത്ത്

സർ

വിഷയം :- പുറപ്പുഴ ഗ്രാമ പഞ്ചായത്ത് - 2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-2, 2-3 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1 മുതൽ 3-7 വരെയുള്ള ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

പകർപ്പ് : -

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-7/888/2017

തീയതി:06.07.2017

## ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

**********************************

ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.11.2016 മുതൽ 21.06.17 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എല്ലാ എൻക്വയറികൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം. വി. ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.06.2017 മുതൽ 28.06.2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സൂസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം. റ്റി. സോമൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മരുൺ മാത്യു | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എബി ഏബ്രാഹാം | സീനി. ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ഏലിക്കുട്ടി മാണി | 01.04.2016 മുതൽ 31.03.2017വരെ |
| സെക്രട്ടറി | സെൽമ പി. എച്ച്. | 01.04.2016 മുതൽ 31.03.2017വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. കിഷോർകമാർ എസ്. | 01.04.2016 മുതൽ 31.03.2017വരെ |
| വെറ്ററിനറി സർജൻ | ഡോ. തോമസ് മണവാളൻ | 01.04.2016മുതൽ 28.09.2016വരെ |
| | ഡോ. ജോബി കെ. ജെ. | 29.09.2016 മുതൽ31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. പ്രീത എൻ. | 01.04.2016 മുതൽ 26.01.2017 വരെ |
| | ഡോ. ഡെൻസി ജോർജ്ജ് | 27.01.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. മിനി പി. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. ബി. സുധാകരൻ | 01.04.2016 മുതൽ 17.01.2017വരെ |
| | ഡോ. രാധ വി. വി. | 18.01.2017മുതൽ 31.03.2017വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | സുപ്രിയ ദേവി എസ്. പി. | 01.04.2016 മുതൽ 18.05.16 വരെയും |
| | | 01.10.2016 മുതൽ 31.03.17വരെയും |
| | ശ്രീ.റിയാസ് എ. എം. (ഡയറി ഫാം ഇൻസ്ട്രക്ടർ) | 19.05.2016 മുതൽ 30.09.2016 വരെ |
| അസി. എഞ്ചിനീയർ | ശ്രീ. ജി. ശ്രീകുമാർ | 01.04.2016 മുതൽ 10.07.2016 വരെ |
| | ശ്രീ. കുട്ടിച്ചൻ എം.കല്ലട | 11.07.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സുധർമണിയമ്മ എൽ. | 01.04.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. വി. ജി. ശ്രീകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ടോമി ജോസ് | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 – പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രിക അപാകതകൾ | 1-12 |
| | ഭാഗം – 2 | |
| 13 | ടെൻഡർ ഫാറവില പഞ്ചായത്തിന് ലഭിക്കാത്തത് | 2-1 |
| 14 | വസ്തുനികുതി പിരിവിൽ ഉദാസീനത | 2-2 |

| | | |
|---|---|---|
| 15 | ഡി.ആന്റ്.ഒ. ലൈസൻസ് അപേക്ഷ സമയബന്ധിതമായി നൽകുന്നില്ല | 2-3 |
| | ഭാഗം – 3 | |
| 16 | എസ്.എസ്.എ. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-1 |
| 17 | ആശ്രയപദ്ധതി അക്കൗണ്ടിൽ വൻതുകയുടെ നീക്കിയിരിപ്പ് | 3-2 |
| 18 | മരുന്ന് വാങ്ങൽ പ്രോജക്ട് മരുന്നുകൾ ലഭ്യമാകാത്തത് | 3-3 |
| 19 | തെരുവ് വിളക്ക് സംബന്ധിച്ച് | 3-4 |
| 20 | വെള്ളക്കരം ഒടുക്ക് സംബന്ധിച്ച് | 3-5 |
| 21 | കൃഷി ആഫീസറുടെ പദ്ധതി പ്രവർത്തനം കാര്യക്ഷമമല്ല | 3-6 |
| | ഭാഗം – 4 | |
| 22 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 25 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 31 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 20.03.2016 തീയതിയിലെ 1-ാം തീരുമാന പ്രകാരം അംഗീകരിച്ചിട്ടിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദമായ ബജറ്റും ബജറ്റ് വിശദാംശവും മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പുതുക്കിയ ബജറ്റ് 10.03.2017ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദമായ ബജറ്റും ബജറ്റ് വിശദാംശവും മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിച്ച ആകെ വരവ് ₹4,50,74,500/- (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് ₹4,27,07,000/- നീക്കിയിരിപ്പ് ₹14,48,569.19/-യാണ്.

കേരളാ പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും സെക്ഷൻ 214( 1) (എ), 1(ബി) എന്നിവ പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേയ്ക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകലളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതും , പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കേണ്ടതുമാണ്.

സെക്ഷൻ 214(3) പ്രകാരം വരവുകൾ സവിസ്താരവും വാസ്തവികവും ആയിരിക്കേണ്ടതും (4) പ്രകാരം എല്ലാ നിശ്ചിത ചാർജ്ജുകൾക്കും കടങ്ങൾ കൊടുത്തു തീർക്കുന്നതിനും ആവശ്യമായ വ്യവസ്ഥകൾ ബജറ്റിൽ ഉണ്ടായിരിക്കേണ്ടതുമാണ്.

എന്നാൽ പ്രതീക്ഷിക്കുന്ന ആകെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ മാത്രമാണ് മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തി അംഗീകരിച്ചിരിക്കുന്നത്. നിയമാനുസൃത നടപടികൾ സ്വീകരിക്കാതെ ബജറ്റ് അംഗീകരിച്ചത് ശരിയായ നടപടിയല്ല. ഇക്കാര്യത്തിന് വിശദീകരണം ഹാജരാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 02.06.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹24,54,051.19 |
| വരവ് | ₹2,56,16,861.00 |
| ആകെ | ₹2,80,70,912.19 |
| ചെലവ് | ₹2,51,38,598.00 |
| നീക്കിയിരിപ്പ് | ₹29,32,314.19 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | 0 | 6410426 | 6410426 | 5988881 | 93.42 |
| വികസനഫണ്ട് - എസ്.സി.പി. | 0 | 1097607 | 1097607 | 697408 | 63.54 |
| വികസനഫണ്ട് - ടി.എസ്.പി. | 0 | 93006 | 93006 | 91700 | 98.6 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 3559035 | 3559035 | 2176388 | 61.15 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 2554755 | 2554755 | 1987842 | 77.81 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3595243 | 3595243 | 1940917 | 54 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2103127 | 2103127 | 1363135 | 64.81 |
| എം.എൻ.ആർ.ഇ.ജി.എസ്. | 505 | 14048269 | 14048774 | 14047259 | 99.98 |
| ബി-ഫണ്ട് | 0 | 14336638 | 14336638 | 14336638 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 98 | 24740013 | 74 | 14338679 | 21 | 3 | 75.51 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 110.38 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1420710 | 3231440 | 1810730 | 127.45 |
| നികുതിയേതര | 264208 | 379176 | 114968 | (+43.51) |

| | | | | |
|---|---|---|---|---|
| വരവുകൾ | | | | |
| മറ്റുവരവുകൾ | 53458 | 46630 | (-)6828 | (-12.77) |
| ആകെ | 1738376 | 3657246 | 1918870 | (+110.38) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 60840 | 25 |
| കർഷകതൊഴിലാളി പെൻഷൻ | 2774200 | 303 |
| വിധവാപെൻഷൻ | 2950200 | 281 |
| വാർദ്ധക്യകാലപെൻഷൻ | 6987900 | 694 |
| വികലാംഗപെൻഷൻ | 1181300 | 110 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.06.2017ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹343/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം

രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നതിൽശ്രദ്ധിക്കുന്നുണ്ട്. ഓരോയിനത്തിലെ ഫയലുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രത്യേകമായി സൂക്ഷിച്ചിട്ടുണ്ട്.

ഓഫീസ് പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

13 വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും സമ്മേളിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

ജനറൽ കമ്മിറ്റി മിനിറ്റ്സ് എഴുതി പൂർത്തീകരിച്ചില്ല

മിനിറ്റ്സ് പരിശോധിച്ചതിൽ 12.04.2017 വരെ മാത്രമാണ് മിനിറ്റ്സ് എഴുതി പൂർത്തീകരിച്ചിട്ടുള്ളത്. മാത്രമല്ല മിനിറ്റ്സിൽ അജണ്ട എഴുതിയിട്ടുണ്ടെങ്കിലും തീരുമാനം രേഖപ്പെടുത്താതെ ശൂന്യമായിട്ട് ഇട്ടിരിക്കുന്നു. ഇത് ആഭ്യന്തര നിയന്ത്രണത്തിന്റെ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മിനിറ്റ്സ് എഴുതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.05.2017 30.05.2017 | 4/2017 | 23.06.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2004-2005മുതൽ 2008-2009 വരെ | 22.02.2010മുതൽ 06.03.2010 വരെ | 10.04.2010 |

## 1-12 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

1) ആസ്തി രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

2) വസ്തു നികുതി, നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡി.സി.ബി, സാംഖ്യസോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കിയ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

3) ബാലൻസ് ഷീറ്റ് പ്രകാരം തൊഴിൽ നികുതിയിനത്തിലെ കുടിശ്ശിക 300/- രൂപയായിരിക്കെ രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക 11660/- ആണ് .

4) ഓഡിറ്റ് റിക്കവറി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ടെൻഡർ ഫീ പഞ്ചായത്തിന് ലഭിക്കാത്തത്

2013ലെ കേരള സ്റ്റോർ പർചേസ് മാനവൽ ഖണ്ഡിക 7.22, 7.23 പ്രകാരം 1 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെയുള്ള ടെൻഡറുകൾക്ക് ടെൻഡർ തുകയുടെ 0.2% ഉം (മിനിമം 400 രൂപ. പരമാവധി 1500) + വാറ്റ് ഉം 10 ലക്ഷത്തിന് മുകളിൽ ടെൻഡർ തുകയുടെ 0.15% ഉം(പരമാവധി 2500 രൂപ) + വാറ്റ് ഉം ടെൻഡർ ഫാറവില ഇനത്തിൽ ഇ-ടെൻഡർ സമ്പ്രദായം നടപ്പിലാക്കിയതിന്റെ ഫലമായി പുറപ്പുഴ ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്നുണ്ട്. നിലവിൽ ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലേയ്ക്കാണ് വരവ് വെയ്ക്കുന്നത്. ഈ തുക ഗ്രാമപഞ്ചായത്തിന് അവകാശപ്പെട്ടതാണ്. ഇപ്രകാരം 2016-17 വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും ഇ-ടെൻഡർ ചെയ്ത ചുവടെ കൊടുക്കുന്ന മരാമത്തുവേലകളുടെ ടെൻഡർ ഫീയിനത്തിൽ ₹8,850/-ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയത്തിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കാനുണ്ട്. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | എസ്റ്റിമേറ്റ് തുക ₹ | കരാറുകാരന്റെ പേര് | കരാറുകാരനിൽ നിന്ന് ഈടാക്കി ജില്ലാ പഞ്ചായത്തിൽ ഒടുക്കിയ തുക ₹ |
|---|---|---|---|---|---|
| 1 | 68/2017 | ആയുർവേദ ആശുപത്രി മെയ്ന്റനൻസ് | 821881 | ഡൊമിനിക് മാത്യൂ | 1800 |
| 2 | 97/2017 | പഞ്ചായത്ത് ഓഫീസിന് അധിക സൗകര്യം ഏർപ്പെടുത്തൽ | 843000 | അനിൽകുമാർ.എ.ബി | 1800 |
| 3 | 13/2017 | പുറപ്പുഴ-പുത്തൻപുര തറവട്ടം റോഡ് മെയ്ന്റനൻസ് | 2000000 | ഏലിയാമ്മ സ്കറിയ | 5250 |
| | | | | ആകെ | 8850/- |

## 2-2 വസ്തു നികുതി പിരിവിൽ ഉദാസീനത-വൻ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു

2016-17 വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് ₹13,65,050/-യാണ്. പഞ്ചായത്തിൽ ലഭ്യമായ കണക്കുകൾ പ്രകാരം വസ്തുനികുതി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് ₹13,95,942/-യാണ് വസ്തു നികുതി സംബന്ധമായ രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി

സൂക്ഷിക്കേണ്ടതാണ്. കൃത്യമായ രേഖകളുടെയും ഫീൽഡ് പ്രവർത്തനങ്ങളുടെയും അഭാവം വൻതുക തനതുവരുമാനത്തിൽ നഷ്ടപ്പെടുന്നതിന് കാരണമാകുന്നു. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി & ഓ ലൈസൻസ് അപേക്ഷ സമർപ്പിക്കുന്നതിലെ കാലതാമസം സംബന്ധിച്ച്.

1996ലെ കേരള പഞ്ചായത്ത് രാജ് ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ 2016-17ൽ 111 സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകിയതിൽ 99 സ്ഥാപനങ്ങളും അപേക്ഷ സമർപ്പിച്ചിരിക്കുന്നത് 2016-17 സാമ്പത്തിക വർഷം തുടങ്ങിയതിന് ശേഷമാണ്. നിയമാനുസൃത സമയപരിധിക്കുള്ളിൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-4 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മാവേലി സ്റ്റോർ വഴിത്തല, എന്ന സ്ഥാപനത്തിൽ നിന്ന് രണ്ടാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ ലഭിക്കേണ്ട തുക ഈടാക്കിയിട്ടില്ല. ഈ ഇനത്തിൽ ലഭിക്കേണ്ട തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-5 മൊബൈൽ ടവറുകളുടെ വസ്തു നികുതി

2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും വിശദ വിവരം ആവശ്യപ്പെട്ട് എൻക്വയറി നം.4 കൊടുത്തതിന് ലഭിച്ച മറുപടിയിൽ പുറപ്പുഴ ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 6 മൊബൈൽ ടവറുകളും അനുബന്ധ കെട്ടിടങ്ങളും ആണ് ഉള്ളത് എന്ന് മറുപടി നൽകിയിട്ടുണ്ട്. ഇതിൽ നാല് മൊബൈൽ ടവറുകളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും വസ്തു നികുതി ചില വർഷങ്ങളിൽ ഈടാക്കിയിട്ടില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | മൊബൈൽ ടവർ/അനുബന്ധ കെട്ടിടം & കെട്ടിട നം | നിർണ്ണയിച്ച വർഷം & തുക ₹ | ഈടാക്കേണ്ട തുക ₹ |
|---|---|---|---|
| 1 | M/Sഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ്, രവിപുരം,5/123 | 2010-11 ₹6000 | 12,027/- (2015-16 to 2016-17) |
| 2 | ഡിഷ്നെറ്റ് വയർലെസ്സ് ലിമിറ്റഡ് (എയർസെൽ) ,5/130 | 2010-11 ₹3500 | 14,648/- (2011-12 to 2016-17) |

| | | | |
|---|---|---|---|
| 3 | സബ് ഡിവിഷണൽ എഞ്ചിനീയർ,ബി.എസ്.എൻ.എൽ, സിവിൽ സബ് ഡിവിഷൻ, 9/19 | 2010-11 | വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 4 | M/S വോഡഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ്, 1/126 A | 2010-11 ₹16250 | 65000/- (2013-14 to 2016- 17) |
| | | ആകെ | 91675 |

മേൽ മൊബൈൽ ടവറുകളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും വസ്തു നികുതി കാലഹരണപ്പെട്ട് പോകാതെ ഈടാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 എസ്.എസ്.എ- വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവ്വഹണം : ഹെഡ് മാസ്റ്റർ

പദ്ധതി നം &പദ്ധതി : 31/2017 – എസ്.എസ്.എ. വിഹിതം അടയ്ക്കൽ

ബിൽനം തീയതി : 1/2016-17 /31.10.2016

തുക : ₹2,50,000/-

എസ്.എസ്.എ യുടെ പഞ്ചായത്ത് വിഹിതമായി ₹2,50,000/- തൊടുപുഴയിലുള്ള ഇടുക്കി ജില്ലാ എസ്.എസ്.എ പ്രോജക്റ്റ് ഓഫീസിൽ അടച്ചിട്ടുണ്ട്. തുക ലഭിച്ചതിന്റെ രസീത് മാത്രമാണ് സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്. എസ്.എസ്.എ തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെല്ലാം സ്കൂളുകളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പാക്കി എന്ന വിശദാംശങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.എ പ്രോജക്റ്റ് ഓഫീസിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 250000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-2 ആശ്രയപദ്ധതിയുടെ അക്കൗണ്ടിൽ ഗണ്യമായതുകയുടെ നീക്കിയിരിപ്പ്.

ദാരിദ്ര നിർമ്മാർജന ഉപപദ്ധതിയിൽ അഗതി കുടുംബങ്ങൾക്കുവേണ്ടി ആശ്രയ എന്ന സ്പഷ്ടമായ പ്രോജക്റ്റ് ഉണ്ടായിരിക്കണം. ആശ്രയ പ്രേജക്റ്റ് തയ്യാറാക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആശ്രയ അക്കൗണ്ടിൽ രണ്ട് ഘട്ട പ്രോജക്റ്റുകളിലായി യഥാക്രമം ₹6,19,935/-യും ₹2,93,857/-യും ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

തൻവർഷം ₹4,00,000/-വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കുടുംബശ്രീക്ക് നൽകിയിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ ചെലവഴിച്ചിട്ടില്ല. ദരിദ്രരുടെ ഉന്നമനത്തിനായി നീക്കിവയ്ക്കുന്ന തുക ചെലവഴിക്കാതെ അക്കൗണ്ടിൽ ഇട്ടിരിക്കുന്നത് ശരിയായ നടപടിയല്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം സൂചിപ്പിച്ചിരുന്നെങ്കിലും ക്രീയാത്മകമായ നടപടികൾ ഒന്നും സ്വീകരിക്കാതിരുന്നത് പഞ്ചായത്തിന്റെ ഉത്തമ താൽപര്യത്തിന് ഭൂഷണമല്ല. അഗതികളുടെ ക്ഷേമത്തിനും വികസനത്തിനും പ്രാദേശിക പ്രത്യേകതകളുള്ള ഉചിതമായ പരിപാടികൾ കണ്ടെത്തി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

<u>നീക്കിയിരിപ്പ് തുകയുടെ വിശദാംശം</u>

| പദ്ധതിയുടെ പേര് | ഐ.ഡി.സി.ബി അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് തുക | നീക്കിയിരിപ്പ് തീയതി |
|---|---|---|---|
| ആശ്രയപദ്ധതി ഒന്നാം ഘട്ടം | 120171201200003 | 619935 | 2-6-17 |
| ആശ്രയപദ്ധതി രണ്ടാം ഘട്ടം | 120171201220001 | 293857 | 9-5-17 |
| | ആകെ | 913792/- | |

## 3-3 വിവിധ മരുന്നു വാങ്ങൽ പ്രോജക്ടുകൾ -തുകകൾ കൈമാറി നാളുകൾ കഴിഞ്ഞിട്ടും വിതരണ ഏജൻസികൾ ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിന് വിവിധ സർക്കാർ ഏജൻസികൾക്ക് തുകകൾ കൈമാറിയെങ്കിലും അവ നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ വിതരണം ചെയ്തിട്ടില്ല. ഹോമിയോ മെഡിക്കൽ ഓഫീസർ, ആയുർവേദമെഡിക്കൽ ഓഫീസർ എന്നിവർ മുഖേന നടപ്പാക്കിയ ടി പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് നം, പേര് | നിർവ്വഹണ ഏജൻസി | കൈമാറിയ തുക | ബിൽ.നം.തീയതി | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ ആയുർവേദം<br>എസ്113/17<br>സ്നേഹധാര പാലിയേറ്റീവ് പരിചരണം<br>മരുന്നു വാങ്ങൽ | ഔഷധി തൃശൂർ | 44076 | 4/16-17 തി.25.3.17 | ഇല്ല | 44076 |
| മെഡിക്കൽ ഓഫീസർ | ഔഷധി തൃശൂർ | 70000 | 5/16-17 തി.25.3.17 | ഇല്ല | 70,000 |

| | | | | | |
|---|---|---|---|---|---|
| ആയുർവേദം<br>എസ്112/17<br>സ്ത്രീ രോഗചികിത്സ<br>മരുന്ന വാങ്ങൽ | | | | | |
| ഹോമിയോ മെഡിക്കൽ ഓഫീസർ<br>എസ്0055/17<br>ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ | ഹോംകോ<br>ആലപ്പുഴ | 150000 | 1/16-17<br>13.3.17 | ഇല്ല | 150000 |
| | ആകെ ക്രമീകരിക്കാൻ ശേഷിക്കുന്ന തുക | | | | 264076 |

ആവശ്യപ്പെട്ടിരുന്ന ഔഷധങ്ങൾ നാളിതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ, കൈമാറിയതിൽ ക്രമീകരിക്കാൻ ശേഷിക്കുന്ന ₹2,64,076/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 തെരുവ് വിളക്കുകൾ സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ തൻവർഷം 4/16മാസം മുതൽ 3/17 വരെ ₹21,033/- നിരക്കിൽ ₹2,52,396/- കെ.എസ്.ഇ.ബി.-യിൽ അടയ്ക്കുന്നുണ്ട്. എന്നാൽ ഇനം, ബൾബ്, സോഡിയം വേപ്പർ ലാമ്പ് തുടങ്ങിയവയുടെ എണ്ണം, പ്രവർത്തിക്കുന്നവ, പ്രവർത്തിക്കാത്തവ തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. 12.03.2013-ലെ 65529/ഡി.സി.3/ 12/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 വെള്ളക്കരം ഒടുക്കുന്നത് സംബന്ധിച്ച്

തൻവർഷം ഗ്രാമപഞ്ചായത്തിൽ വെള്ളക്കരം ഇനത്തിൽ 74 ടാപ്പുകൾക്ക് 4/16 മുതൽ 3/17വരെ ₹32,375/- നിരക്കിൽ ₹3,88,500/- ഒടുക്കി വരുന്നുണ്ട്. 74 ടാപ്പുകളിൽ എത്രയെണ്ണം പ്രവർത്തിക്കുന്നവ, പ്രവർത്തിക്കാത്തവ തുടങ്ങിയവ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തുമായി സംയുക്ത പരിശോധന നടത്തണമെന്ന 28.09.2011ലെ ജി.ഒ.ആർ.ടി./2242/2011/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നാളിതുവരെയും സംയുക്തപരിശോധന നടത്തിയിട്ടില്ല. താമസംവിനാ

സംയുക്തപരിശോധന നടത്തി വെള്ളക്കരം അധികമായി ഒടുക്കിയിട്ടുണ്ടെങ്കിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 കൃഷി ഓഫീസറുടെ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല

പഞ്ചായത്തിലെ 90% ജനങ്ങളും കാർഷിക മേഖലയിൽ ഉപജീവനം നടത്തുന്നവരാണ്. കാർഷിക വിളകൾക്ക് നേരിടുന്ന വിവിധ രോഗങ്ങൾ ഇവിടുത്തെ കാർഷിക മേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. കഴിഞ്ഞ മൂന്ന് വർഷമായി 10ഹെക്ടറിൽ കുറയാതെ നെൽകൃഷി ചെയ്തിരുന്ന ഈ പഞ്ചായത്തിൽ ഇപ്പോൾ 6 ഹെക്ടർ സ്ഥലത്ത് മാത്രമാണ് നെൽകൃഷി ചെയ്യുന്നത്. നെൽപ്പാടങ്ങൾ കപ്പ, വാഴ തുടങ്ങിയ ഭക്ഷ്യവിളകൾ കൃഷി ചെയ്യാൻ സ്ഥിരമായി ഉപയോഗിക്കുന്നു. തന്മൂലം കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. കൃഷി ചെയ്യുവാൻ തയ്യാറാകുന്നവർക്ക് വെള്ളം ലഭിക്കാതെ വരുന്നു. കാർഷിക മേഖലയിൽ ഇത്തരം പ്രതിസന്ധികൾ നിലനിൽക്കെ പുറപ്പുഴ കൃഷി ഓഫീസർ 2016-17വർഷം ആകെ വകയിരുത്തിയ തുകയുടെ 40% മാത്രമാണ് ചെലവഴിച്ചത് എന്ന വസ്തുത ഏറെ ശ്രദ്ധിക്കപ്പെടേണ്ടതാണ്. പച്ചക്കറി കൃഷിക്ക് ഏറെ അനുയോജ്യമായ ഭൂപ്രദേശമായ പുറപ്പുഴയിൽ പച്ചക്കറി കൃഷിയുടെ വികസനത്തിനായി 2016-17 വർഷം പ്രോജക്ടുകൾ ഒന്നും നടപ്പാക്കിയില്ല. കുടിവെള്ള ക്ഷാമം രൂക്ഷമായ ഈ പ്രദേശത്ത് ജലസേചന കിണർ നിർമ്മാണം എന്ന പ്രോജക്ടിന് 438334 വകയിരുത്തിയിട്ടും 177188 മാത്രമാണ് ചെലവഴിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ഭൂപ്രദേശത്തിന്റെ പ്രത്യേകതകൾ മനസിലാക്കി പ്രോജക്ടുകൾ വിഭാവനം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹3,400/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തിയ്യതി |
|---|---|---|---|---|
| 2011-12 | 3(8) | 3400 | വി.എസ്.കലേഷ്.<br>ഹെഡ് ക്ലർക്ക് | 11601500013/24.10.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 25616861 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 25138598 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 514076 |

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - ഇല്ല - | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 250000 | ശ്രീ.ടോമി ജോസ് ഹെഡ്മാസ്റ്റർ |
| 3-3 | 150000 | ഡോ.ടെൻസി ജോർജ്ജ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-3 | 114076 | ഡോ.മിനി പി, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| ആകെ | 514076 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | -ഇല്ല - | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-1998 | എൽ.എഫ്.ഐ.7/86/2000/17.7.2000 | |
| 1998-1999 | എൽ.എഫ്.ഐ.7/36/2000/16.02.2001 | |
| 1999-2000 | എൽ.എഫ്.ഐ.7/518/03/07.10.2003 | |
| 2000-2001 | എൽ.എഫ്.ഐ.7/286/04/16.06.2004 | |
| 2001-2002 | എൽ.എഫ്.ഐ.7/620/05/04.04.2006 | |
| 2002-2003 | എൽ.എഫ്.ഐ.7/214/07/06.03.2007 | |
| 2003-2004 | എൽ.എഫ്.ഐ.7/55/08/30.08.2008 | |

| | | |
|---|---|---|
| 2004-2005 | എൽ.എഫ്.ഐ.7/876/08/27.02.2009 | |
| 2005-2006 | എൽ.എഫ്.ഐ.7/479/10/17.09.2010 | |
| 2006-2007 | എൽ.എഫ്.ഐ.10/481/11/7.12.2011 | |
| 2007-2008 | എൽ.എഫ്.ഐ.10/479/10/17.09.2010 | |
| 2008-2009 | എൽ.എഫ്.ഐ.10/481/11/07.12.2011 | |
| 2009-2010 | എൽ.എഫ്.ഐ.10/482/11/07.12.2011 | |
| 2010-2011 | എൽ.എഫ്.ഐ.10/1104/12/04.03.2013 | |
| 20011-2012 | എൽ.എഫ്.ഐ.10/1104/12/04.03.2013 | |
| 2012-2013 | എൽ.എഫ്.ഐ.7/1092/14/13.11.2014 | |
| 2013-2014 | എൽ.എഫ്.ഐ.7/1092/14/13.11.2014 | |
| 2014-2015 | കെ.എസ്.എ.ഐ.ഡി.കെ7/815/2016/21.06.2016 | |
| 2015-2016 | കെ.എസ്.എ.ഐ.ഡി.കെ7/1585/2016/24.11.2016 | |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ.-7/888/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
Ph No : 04862 227332
E-mail : doidk.ksad@kerala.gov.in

തീയതി:06.07.2017

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുറപ്പുഴ ഗ്രാമപഞ്ചായത്ത് വാർഷിക ധനകാര്യ പത്രിക,വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA-IDK-7/888/2017.

Kerala State Audit Department

District Audit Office, Idukki,
Thodupuzha,Dated : 06.07.2017
Ph. No : 04862 227332

E-mail : doidk.ksad@kerala.gov.in

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of PURAPPUZHA Grama Panchayat in Idukki District for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and And Auditor General of India for the purpose of audit of accounts Panchayat Raj Instituitions.

In my opinion, the Financial Statements of PURAPPUZHA Gama Panchayat for the 2016-17, except the observations in my Audit Report properly presents the picture of Income and Expenditure.

**DEPUTY DIRECTOR**
**IDUKKI**